# ബാങ്കുകളെ ഇസ്‌ലാമിക് ഫൈനാൻസ് രക്ഷിച്ചേക്കുമെന്ന് വത്തിക്കാൻ

**ഇടപാടുകാർക്ക്** ആത്മവിശ്വാസം പകരാൻ ഇസ്‌ലാമിക സമ്പദ്ക്രമം പ്രയോജനപ്പെടുമോ എന്ന് ബാങ്കുകൾ അന്വേഷിക്കണമെന്ന് വത്തിക്കാൻ. "ഇസ്‌ലാമിക് ഫൈനാൻസ് ഊന്നിനിൽക്കുന്ന സദാചാര അടിത്തറകൾ ബാങ്കുകളെ ഇടപാടുകാരിലേക്ക് കൂടുതൽ അടുപ്പിക്കുന്നതും സാമ്പത്തിക മേഖലയിലെ സേവനത്തെ അതിന്റെ യഥാർഥ ചൈതന്യത്തോടെ ഉൾക്കൊള്ളുന്നതുമാണ്." വത്തിക്കാന്റെ ഔദ്യോഗിക വാർത്താ പത്രികയായ *Osservatore Romano*യുടെ ഏറ്റവും പുതിയ ലക്കത്തിൽ ലോറ്റ നാപ്പോളിയാനി, ക്ലോഡിയ സെഗ്രി എന്നിവർ എഴുതിയ ലേഖനത്തിലാണ് ഈ പരാമർശം. "പടിഞ്ഞാറൻ ബാങ്കുകൾക്ക് സുകൂക് എന്ന പേരിൽ അറിയപ്പെടുന്ന ഇസ്‌ലാമിക് ബോണ്ടുകളെ പ്രയോജനപ്പെടുത്താവുന്നതാണ്. കാർ വ്യവസായത്തിനും ലണ്ടനിൽ അടുത്ത ഒളിമ്പിക്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഇതുവഴി ഫണ്ട് കണ്ടെത്താം."


മരിയ വിയാൻ

പോപ്പ് ബെനഡിക്ട് പതിനാറാമൻ ലോക സാമ്പത്തിക ക്രമത്തിന്റെ തകർച്ച വിവരിച്ചത് ഇങ്ങനെയാണ്: "പണം അപ്രത്യക്ഷമാകും. അതൊന്നുമേയല്ല. ദൈവത്തിന്റെ വചനമാണ് നിലനിൽക്കുന്ന ഏക യാഥാർഥ്യം." അടുത്ത കാലത്തായി വത്തിക്കാൻ അതിന്റെ ഔദ്യോഗിക ജിഹ്വകളിലൂടെ തുറന്ന കമ്പോള സമ്പദ്ക്രമത്തിനെതിരെ അതിരൂക്ഷമായ ആക്രമണമഴിച്ചുവിട്ടിരിക്കുകയാണ്. "സമ്പദ്ക്രമത്തിന്റെ മാനുഷിക തലങ്ങളിൽ വലിയ മതങ്ങൾ എല്ലാ കാലത്തും കൂട്ടായ ശ്രദ്ധ പതിപ്പിച്ചിരുന്നു"- *ഒസ്സർവേറ്റർ റൊമാനോ*യുടെ എഡിറ്റർ മരിയ വിയാൻ എഴുതി. ■

# സെനറ്റർ ലാറി ഷാ പുതിയ 'കെയർ' ചെയർമാൻ

**അമേരിക്കയിലെ** ഏറ്റവും വലിയ മുസ്‌ലിം പൗരാവകാശ സംഘടനയായ കൗൺസിൽ ഓൺ അമേരിക്കൻ-ഇസ്‌ലാമിക് റിലേഷൻസി(CAIR)ന്റെ പുതിയ ചെയർമാനായി സെനറ്റർ ലാറി ഷാ തെരഞ്ഞെടുക്കപ്പെട്ടു. നോർത്ത് കരോലിന സെനറ്റ് ജനറൽ അസംബ്ലിയിൽ അംഗമാണ് ഷാ. മുമ്പ് നോർത്ത് കരോലിന പ്രതിനിധിസഭയിൽ അംഗമായിരുന്നു. അമേരിക്കൻ കോൺഗ്രസ്സിലെ മുസ്‌ലിം അംഗമായ കെയ്ത്ത് എലിസൺ കഴിഞ്ഞാൽ ഭരണത്തിൽ ഏറ്റവും ഉയർന്ന പദവി വഹിക്കുന്ന അമേരിക്കൻ മുസ്‌ലിമാണ് ഷാ. നേരത്തെ 'കെയറി'ന്റെ ദേശീയ സമിതിയിൽ അംഗമായിരുന്നു അദ്ദേഹം.

വിവിധ മതവിശ്വാസങ്ങളുമായി സംവാദങ്ങൾ സംഘടിപ്പിക്കുമെന്നും എല്ലാ വിഭാഗങ്ങളുമായി ബന്ധം മെച്ചപ്പെടുത്തുമെന്നും പുതിയ 'കെയർ' ചെയർമാൻ പറഞ്ഞു. വിവിധ മുസ്‌ലിം വിഭാഗങ്ങളെ ഒരൊറ്റ വേദിയിൽ അണിനിരത്തുകയാണ് മറ്റൊരു അജണ്ട. "സമകാലിക പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ കെയർ നിതാന്ത ജാഗ്രത പുലർത്തിയിട്ടുണ്ട്. പ്രത്യേകിച്ച് മുസ്‌ലിംസമൂഹത്തിന്റെ വളർച്ച തടസ്സപ്പെടുത്തുന്ന വിവേചനനയങ്ങൾക്കെതിരെ."


ലാറി ഷാ

1994ലാണ് കെയർ സ്ഥാപിതമാവുന്നത്. വാഷിംഗ്ടൺ ഡി.സിയാണ് ആസ്ഥാനം. അമേരിക്കയിലും കനഡയിലുമായി 32 ഓഫീസുകളും ചാപ്റ്ററുകളും അതിനുണ്ട്.

അമേരിക്കൻ മുസ്‌ലിംകൾ അവിടത്തെ പൊതു സമൂഹവുമായി ഉദ്ഗ്രഥിക്കാൻ അറച്ചുനിൽക്കുന്നതാണ് മിക്ക പ്രശ്നങ്ങൾക്കും കാരണമെന്ന് ലാറി ഷാ വിശ്വസിക്കുന്നു. അതിനാൽ മുസ്‌ലിംകളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് അദ്ദേഹം മുഖ്യ പരിഗണന നൽകുന്നു. "എഫ്.ബി.ഐ മുമ്പ് കെയറുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്നു. കെയറിന് തീവ്രവാദികളുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് ആ സഹകരണം അവസാനിപ്പിച്ചിരിക്കുകയാണ്. ഇത് വലിയൊരു തിരിച്ചടിയായിതന്നെ കാണണം"- ഷാ വിലയിരുത്തി. ■


ഫ്രീമാൻ

# സ്ഥാനമേൽക്കുന്നതിനു മുമ്പ് ഫ്രീമാൻ പുറത്ത്

**ദേശീയ** ഇന്റലിജൻസ് കൗൺസിലിന്റെ അധ്യക്ഷനായി അമേരിക്കൻ പ്രസിഡന്റ് ഒബാമ നാമനിർദേശം ചെയ്ത ചാൾസ് ഫ്രീമാന് സ്ഥാനമേൽക്കുന്നതിനു മുമ്പുതന്നെ പദവി വിട്ടൊഴിയേണ്ടിവന്നു. ഇസ്രയേൽ വിമർശകനായ ഫ്രീമാൻ ഭരണകൂടത്തിലെ അതിശക്തമായ ജൂതലോബിയുടെ കടന്നാക്രമണം സഹിക്കവയ്യാതെയാണ് സ്ഥാനം വേണ്ടെന്നു വെച്ചതെന്ന് *വാഷിംഗ്ടൺ പോസ്റ്റ്* (മാർച്ച് 11) റിപ്പോർട്ട് ചെയ്യുന്നു. "ഒരു വിദേശരാജ്യത്തോട് അതിവൈകാരിക ബന്ധം പുലർത്തുന്ന ഒരു വിഭാഗം നിരന്തരം ആക്രമണമഴിച്ചുവിടുമ്പോൾ ഞാൻ നേതൃത്വം നൽകുന്ന വകുപ്പിന് കാര്യക്ഷമമായി പ്രവർത്തിക്കാനാവുമെന്ന് കരുതുന്നില്ല"- ഫ്രീമാൻ പറഞ്ഞു.

മുമ്പ് സുഊദി അറേബ്യയിലെ അമേരിക്കൻ അംബാസഡറായിരുന്നു. ഇസ്രയേൽ ഫലസ്ത്വീനികളെ കിരാതമായി അടിച്ചൊതുക്കുകയാണെന്നും ഇസ്രയേലുമായി അമേരിക്കയുടെ താദാത്മ്യം പൂർണമായിക്കഴിഞ്ഞെന്നും ഫ്രീമാൻ തുറന്നടിച്ചിരുന്നു. 1953ൽ സ്ഥാപിതമായ അമേരിക്കൻ ഇസ്രയേൽ പബ്ലിക് അഫയർ കമ്മിറ്റി (AIPAC) എന്ന ഒരു ലക്ഷം അംഗങ്ങളുള്ള ജൂതലോബിയാണ് ഇസ്രയേൽവിരുദ്ധരെ പുകച്ചു ചാടിക്കാൻ കരുക്കൾ നീക്കുന്നത്. ഒബാമ ഭരണകൂടത്തിന് ജൂതലോബിയെ മറികടന്ന് തീരുമാനമെടുക്കാനാവില്ലെന്ന സന്ദേശമാണ് ഇത് നൽകുന്നതെന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ■

# ആഗോള സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് പ്രത്യേക പതിപ്പ്

**അടുത്തകാലം** വരെയും ഇസ്‌ലാമിക സമ്പദ്ഘടനയെക്കുറിച്ചും ബാങ്കിംഗിനെക്കുറിച്ചും ചർച്ച നടത്തിയിരുന്നത് ചില സംഘടനകളും അക്കാദമിക കേന്ദ്രങ്ങളും മാത്രമായിരുന്നു. പൊടുന്നനെ ആ നിലയിൽ വലിയ മാറ്റമുണ്ടായി. വത്തിക്കാനിൽനിന്ന് വരെ ഇസ്‌ലാമിക് ബാങ്കിംഗ് പരീക്ഷിക്കണമെന്ന ആഹ്വാനം വരുന്നു. മുസ്‌ലിംകൾ നാമമാത്രമായ രാജ്യങ്ങൾ വരെ ഔദ്യോഗികമായി ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച അന്താരാഷ്ട്ര സമ്മേളനങ്ങൾക്ക് വേദിയൊരുക്കുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയോട് നന്ദി പറയുക!




ഈ മാറ്റം കേരളത്തിലെ മുസ്‌ലിം സംഘടനകളിലും അവരുടെ പ്രസിദ്ധീകരണങ്ങളിലും നന്നായി കാണാനാവുന്നുണ്ട്. *സ്നേഹസംവാദം* എന്ന വൈജ്ഞാനിക മാസിക അതിന്റെ പുതിയ ലക്കം (2009 മാർച്ച്), സാമ്പത്തിക പ്രതിസന്ധിയും ഇസ്‌ലാമിക സമ്പദ്ക്രമമെന്ന ബദൽ വ്യവസ്ഥയും ചർച്ച ചെയ്യാനായി മാറ്റിവെച്ചിരിക്കുന്നു. മറ്റൊരു വിഷയവും ഈ ലക്കത്തിൽ ഇല്ല. മുതലാളിത്തവും സ്വതന്ത്ര വിപണിയും: ഒരു ചരിത്രാന്വേഷണം, ആഗോളവത്കരണത്തിന്റെ മതവും രാഷ്ട്രീയവും, അമേരിക്കൻ പ്രതിസന്ധി: ചരിത്രവും കാരണങ്ങളും, ആഗോള സാമ്പത്തിക മാന്ദ്യം: ഇസ്‌ലാമിക പരിപ്രേക്ഷ്യം എന്നീ പഠനാർഹമായ ലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. "ഇനിയും വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത സാമ്പത്തിക മാന്ദ്യം ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട് എന്ന ബോധ്യമാണ്" ഈ പ്രത്യേക പതിപ്പിന് പ്രേരണയായതെന്ന് പത്രാധിപക്കുറിപ്പിൽ പറയുന്നു. അടുത്ത ലക്കത്തിൽ ഇതു സംബന്ധമായ ചർച്ചയും നടക്കും. 'നിച്ച് ഓഫ് ട്രൂത്ത്' പ്രസിദ്ധീകരിക്കുന്ന *സ്നേഹസംവാദ*ത്തിന്റെ എഡിറ്റർ എം.എം അക്ബറാണ് ■

# താടി വരുത്തിവെച്ച വിന

**ബ്രിട്ടനിലെ** ഗവൺമെന്റ് സ്ഥാപനങ്ങളിൽ വംശീയവെറിയും വിവേചനവും തിമർത്താടുകയാണെന്ന് റിപ്പോർട്ട്. വംശീയവെറിയുടെ ഏറ്റവും ഒടുവിലത്തെ ഇരയാണ് ജാവേദ് ഇഖ്ബാൽ. ബ്രിട്ടനിൽ പോലീസ് കോൺസ്റ്റബ്ൾ ആയിരുന്നു ഇഖ്ബാൽ. വെട്ടിയൊതുക്കിയ സ്റ്റൈലൻ താടിയാണ് അദ്ദേഹത്തിന് വിനയായത്. ഇഖ്ബാൽ വന്നു കയറിയാൽ സഹപ്രവർത്തകരുടെ പരിഹാസം തുടങ്ങുകയായി. ആദ്യമൊക്കെ ഈ പാക്‌വംശജന്റെ ഇംഗ്ലീഷ് ഉച്ചാരണം അനുകരിച്ചുള്ള ലഘുതമാശകളായിരുന്നു. പിന്നെ താടിയെയും മതവിശ്വാസത്തെയും അധിക്ഷേപിക്കാൻ ആരംഭിച്ചു. ഇഖ്ബാലിന്റെ കൂടെ പട്രോളിംഗിന് പോകാൻ സഹപ്രവർത്തകർ മടിച്ചു. 'പാകി' എന്ന അധിക്ഷേപത്തിന് പുറമെ അതിന് മുമ്പിൽ ആ നാലക്ഷര തെറിയും കൂടി ചേർത്താലേ അവർക്ക് തൃപ്തിവരൂ.

ഇഖ്ബാലിനെതിരെ സഹപ്രവർത്തകർ കൂട്ടത്തോടെ മേലധികാരികൾക്ക് പരാതികൾ അയച്ചുകൊണ്ടാണ് പീഡനത്തിന്റെ രണ്ടാം ഘട്ടത്തിന് തുടക്കമിട്ടത്. വ്യക്തമായ കാരണങ്ങളൊന്നും


ജാവേദ് ഇഖ്ബാൽ

ആർക്കും ചൂണ്ടിക്കാട്ടാനുണ്ടായിരുന്നില്ല. 'പണിക്ക് പറ്റിയവനല്ല' എന്നു മാത്രമായിരുന്നു പരാതി. 2006ൽ ജോലിയിൽനിന്ന് പിരിച്ചുവിടാൻ ആ കാരണം തന്നെ ധാരാളമായിരുന്നു മേലധികാരികൾക്ക്. അകാരണമായി പിരിച്ചുവിടപ്പെട്ടതിന് ശേഷം കടുത്ത മാനസിക വിഭ്രാന്തിയിലാണ് തന്റെ ഭർത്താവെന്ന് ഭാര്യ സുറയ്യ പറഞ്ഞു. മേലാള പീഡനത്തിനെതിരെ കേസ് കൊടുക്കാൻ ഒരുങ്ങുകയാണ് ജാവേദ് ഇഖ്ബാൽ. ഇത്തരം ധാരാളം കേസുകൾ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കറുത്തവർക്കും ഏഷ്യൻ വംശജർക്കും ഉദ്യോഗതലങ്ങളിലാണ് ഏറ്റവും കൂടുതൽ വിവേചനങ്ങൾ നേരിടേണ്ടിവരുന്നത്. ■